# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെടിഎം.പി.4/408/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെടിഎം.പി.4/408/2023 തീയ്യതി: 31/03/2023

## കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സി ആർ ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 07-03-2023 | 15-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-03-2023 | 15-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മായ ആർ, ഓഡിറ്റ് ഓഫീസർ( (ഹ.ഗ്രേ.)
സജി പി ആർ, ഓഡിറ്റ് ഓഫീസർ
സ്മിത ജി നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ആൽബിൻ സിറിയക്, സീനിയർ ഗ്രേഡ് ഓഡിറ്റർ

കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബെൽജി ഇമ്മാനുവേൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ഷാജി കെ റ്റി | സെക്രട്ടറി | 01-04-2021 | 31-05-2021 |
| ശ്രീമതി. റാണി തണ്ടാർ കെ ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 07-07-2021 |
| ശ്രീ. ശ്രീകുമാർ എസ് കൈമൾ | സെക്രട്ടറി | 08-07-2021 | 23-09-2021 |
| ശ്രീ. ശ്രീകുമാർ വി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-09-2021 | 28-09-2021 |
| ശ്രീ. ശ്രീകുമാർ എസ് കൈമൾ | സെക്രട്ടറി | 29-09-2021 | 08-02-2022 |
| ശ്രീ. ശ്രീകുമാർ വി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-02-2022 | 15-02-2022 |
| ശ്രീ. ശ്രീകുമാർ എസ് കൈമൾ | സെക്രട്ടറി | 16-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റാണി തണ്ടാർ കെ ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 19-07-2021 |
| ശ്രീകുമാർ വി കെ | അസിസ്റ്റന്റ് സെക്രട്ടറി | 20-07-2021 | 31-03-2022 |
| ഡോ. വേണുകുമാർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. ജോജി മാത്യൂ | സീനിയർ വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. സുജ സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. സോണിയ സ്കറിയ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2021 | 25-09-2021 |
| ഡോ. രാഹുൽ സി | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 26-09-2021 | 16-01-2022 |
| ഡോ. സാം സാവിയോ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 17-01-2021 | 31-03-2022 |

| | | | |
|---|---|---|---|
| രാജീവ് കുമാർ ആർ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| സനീഷ് കെ. ബി. | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ എസ് ജി ഡി | 01-04-2021 | 31-03-2022 |
| ജെമിനി ജോൺ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡെന്നീസ് ജോർജ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ബിനീഷ് ബി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (കുറിച്ചിത്താനം) | 01-04-2021 | 31-03-2022 |
| വിമൽകുമാർ വി വി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (മരങ്ങാട്ടുപിള്ളി) | 01-04-2021 | 31-03-2022 |
| ഷെറിൻസ് ജോർജ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 16-06-2021 |
| അപർണ്ണ സി എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 17-06-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികകണക്കുകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. | 1-11 |
| 12 | റിലയൻസ് മൊബൈൽ ടവറിന്റെ വസ്തുനികുതി -കുടിശ്ശിക | 1-12 |
| 13 | വസ്തുനികുതി- 36ലക്ഷത്തിലധികം രൂപ കുടിശ്ശിക | 1-13 |
| 14 | കുറഞ്ഞനിരക്കിൽ നികുതി നിർണ്ണയിച്ചു | 1-14 |
| 15 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15 |
| 16 | സ്ഥാപനം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-16 |
| 17 | ടെറസ് സംരക്ഷണം അധിക റൂഫിംഗ്-പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല | 1-17 |
| 18 | പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച തുകകൾ വിനിയോഗിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-18 |
| 19 | സാക്ഷരത പ്രേരകുമാർക്ക് ഓണറേറിയം നൽകിയത് തിരികെ ലഭിച്ചില്ല | 1-19 |
| 20 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലേക്ക് ഡെപ്പോസിറ്റ്- ബാലൻസ് തുക തിരികെ ഈടാക്കേണ്ടതാണ്. | 1-20 |
| 21 | കെയുആർഡിഎഫ് സി ലോൺ - അധികം തുക സ്രോതസിൽ നിന്നും കിഴിവ് ചെയ്തു. | 1-21 |
| 22 | ബാരൽവില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല | 1-22 |
| 23 | ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമകേന്ദ്രം- പണി പൂർത്തീകരിച്ചെങ്കിലും ഉപയോഗപ്രദമാക്കിയിട്ടില്ല. | 1-23 |
| 24 | ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-24 |
| 25 | ലൈഫ് ഭവന പദ്ധതി- മറ്റ് ഗ്രാമ പഞ്ചായത്തുകളിൽ സ്ഥലം വാങ്ങിയ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | 1-25 |
| 26 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - അപാകതകൾ | 1-26 |

| | | |
|---|---|---|
| 27 | പാലിയേറ്റീവ് കെയർ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-27 |
| 28 | ആസ്തി പരിപാലനം | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 16.02.2021 തീയതിയിലെ 1(1) നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് 24.03.2022 തീയതിയിലെ 1(1) നം. തീരുമാനപ്രകാരം അംഗീകരിച്ചു. ആയത് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 5013999.00 | 16232521.00 |
| വരവ് | 96110919.00 | 64054176.00 |
| ആകെ | 101124918.00 | 80286697.00 |
| ചെലവ് | 97256319.00 | 64339417.00 |
| നീക്കിയിരിപ്പ് | 3868599.00 | 15947280.00 |

### 1-2 വാർഷികകണക്കുകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 114190318/- രൂപയും ചെലവ് 117800956/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 3610638/- രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 99402105/- രൂപയും ബാധ്യതകളുടെ മൂല്യം 103711019 /- രൂപയും ആകെ ജനറൽ ഫണ്ട് -4308914/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1 . 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2.31/03/2022 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ റിസർവ്സ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ അടിസ്ഥാന രേഖകൾ ലഭ്യമല്ല.

3.പ്ലാൻ ഫണ്ട് പ്രോജക്ടുകളുടെ ചെലവ് റവന്യൂ, ക്യാപ്പിറ്റൽ എന്നിവ വേർതിരിച്ച് അതാത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

4.പ്രധാനനികുതിയിനങ്ങളുടെ കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5. സി എഫ് സി ടൈഡ്- അൺടൈഡ് ഫണ്ടുകളുടെ വരവ് ഒറ്റ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

6. 2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല( ഷെഡ്യൂൾ I-16).

7.412010101-Capital Work In Progress ശീർഷകത്തിൽ 855000 രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

8. ബാലൻസ് ഷീറ്റ് ബി9 ഷെഡ്യൂളിലെ 350410101,350410102,350410301 ശീർഷകങ്ങളിലെ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് വരവുകളുടെ മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.

9.ആസ്തികളുടെ മൂല്യശോഷണം I-17(a) പ്രകാരം മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല

10. അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂളിൽ ഉൾപ്പെട്ട വിവിധ ശീർഷകങ്ങളിലെ തുകകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

11. 1-18 പ്രകാരം മുൻവർഷ ഇനങ്ങളായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ രേഖകൾ ലഭ്യമല്ല.

അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16232521.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 64054176.00 |
| ആകെ | 80286697.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 64339417.00 |
| നീക്കിയിരിപ്പ് | 15947280.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 689593 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 12970000 | 12970000 | 12970000 | 0 |
| വികസന ഫണ്ട്-SCP | - | 2602695 | 2602695 | 2479000 | 123695 |
| വികസന ഫണ്ട്-TSP | - | 8881 | 8881 | 0 | 8881 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | - | 2729062 | 2729062 | 2729062 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | - | 5475220 | 5475220 | 5478730(*) | 0 |
| മെയിന്റനൻസ് ഗ്രാന്റ്-Road | - | 10342000 | 10342000 | 7357292 | 2984708 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | - | 4853319 | 4853319 | 4522927 | 330392 |

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 542993 | 140000 | 682993 | 682993 | 0 |
| ICDS | 330854 | 441775 | 772629 | 625226 | 147403 |
| സമ്പൂർണ്ണ ശുചിത്വം | 225925 | 408000 | 633925 | 633925 | 0 |
| ജലനിധി | 3931229 | 3157522 | 7088751 | 0 | 7088751 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 915000 | 915000 | 915000 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 3541738 | 3541738 | 3541738 | 0 |

(*) ധനകാര്യകമ്മീഷൻ ഗ്രാന്റ് പലിശയിൽ നിന്നുള്ള 3510/- രൂപയുടെ ചെലവുൾപ്പെടെ.

വികസനഫണ്ട് ജനറൽ എസ് സി പി, ടി എസ് പി ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് വിഭാഗത്തിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. വികസനഫണ്ട് എസ് സി പി ഫണ്ടിനത്തിൽ 123695 രൂപയും ടി എസ് പി ഫണ്ടിനത്തിൽ 8881 രൂപയും കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത തുക 35319 രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.
ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ G.O.(Rt) No.6591/2021/Fin പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ടൈഡ് ഇനത്തിൽ 1853220 രൂപയും ബേസിക്ക് ഗ്രാന്റ് ഇനത്തിൽ 314062 രൂപയും അധിക അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച അധിക അലോട്ട്മെന്റിൽ ബേസിക്ക് ഗ്രാന്റ് ഇനത്തിൽ 312000 രൂപയും ടൈഡ് ഇനത്തിൽ 1826138 രൂപയും ചെലവഴിച്ചിട്ടുണ്ട്.

1. ജി ഒ പ്രോജക്ടായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. എ സി ആറിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും പ്രസ്തുത തുകകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം വികസന ഫണ്ട് ടി എസ് പി ഫണ്ടിൽ അധിക അലോട്ട്മെന്റായി ലഭിച്ച 8881 രൂപ അലോട്ട്മെന്റായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ എസി ആറിൽ പ്രസ്തുത തുകകൾ ഉൾപ്പെട്ടിട്ടില്ല.

3 ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

4 കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികൾ വകയിരുത്തൽ, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകൾ, പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന എസിആർ /ക്യാഷ് ബുക്ക് എന്നിവയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

മേൽ അപാകതകൾക്കും ടി റിപ്പോർട്ട് ഖണ്ഡിക 1-2 ൽ പരാമർശിക്കുന്ന അപാകതകൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

2021-22 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 29-01-2021 ലും പദ്ധതിരൂപീകരണ ഗ്രാമസഭകൾ 08-02-2021 മുതൽ 11-02-2021 വരെയും നടക്കുകയുണ്ടായി. വിവിധ തലങ്ങളിലെ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് 18-02-2021 ലെ വികസനസെമിനാറിൽ വാർഷികപദ്ധതിക്ക് അന്തിമരൂപം നല്കി. ഗ്രാമപഞ്ചായത്ത് കമ്മിറ്റി അന്തിമ അംഗീകാരം നല്കിയ വാർഷിക പദ്ധതി 25.03.2022 തീയതിയിലെ 81898/21/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചു.

വാർഷികപദ്ധതിയുടെ വിവരം

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം. | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 162 | 139 | 65290496 | 46108188 | 70.6 |

അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത വാർഷികപദ്ധതി വിശദാംശങ്ങൾ സുലേഖ സോഫ്റ്റ്‌വെയറിൽനിന്നുള്ള ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക. | ചെലവ് |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 7 | 3809920 | 3266048 |
| 2 | വെറ്ററിനറി സർജൻ | 6 | 6 | 5010000 | 1978798 |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 6 | 6 | 1564105 | 1481745 |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 600000 | 600000 |
| 5 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 470000 | 470000 |
| 6 | വി.ഇ.ഒ I | 7 | 7 | 14207400 | 6243138 |
| 7 | വി.ഇ.ഒ II | 11 | 10 | 3577860 | 3149008 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 3 | 4692004 | 3460428 |
| 9 | സെക്രട്ടറി | 33 | 27 | 9189733 | 6427483 |
| 10 | അസി.എൻജിനീയർ | 72 | 61 | 18080853 | 15833424 |
| 11 | ഹെഡ് മാസ്റ്റർ | 2 | 1 | 450000 | 300000 |

| | | | | | |
|---|---|---|---|---|---|
| 12 | ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 2350000 | 2060000 |
| 13 | അസി.സെക്രട്ടറി | 8 | 7 | 1288621 | 838116 |
| | | 162 | 139 | 65290496 | 46108188 |

അംഗീകാരം ലഭിച്ച 162 പ്രോജക്ടുകളിൽ 139 എണ്ണം നടപ്പാക്കിയിട്ടുണ്ട്. ആകെ അംഗീകാരം ലഭിച്ചവയിൽ 36 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. ഇവയിൽ 34 എണ്ണം നടപ്പാക്കി. സ്പിൽ ഓവർ പ്രോജക്ടുകളായി അംഗീകാരം വാങ്ങിയതിൽ 02 എണ്ണം നടപ്പാക്കിയില്ല. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ നം. 187/21-22, ടേക്ക് എ ബ്രേക്ക് പൊതുശൗചാലയത്തിന് കുഴൽകിണർ എന്ന പദ്ധതി പ്രകാരം തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 65140/- രൂപ സുലേഖ പത്രികയിൽ ചെലവായി ഉൾപ്പെട്ടിട്ടില്ല. വാർഷിക പദ്ധതിയിൽ സർക്കാർ അനുവദിച്ച ഫണ്ടുകളിൽ ചുവടെ ചേർക്കും വിധം തുകകൾ വിനിയോഗിക്കാൻ സാധിച്ചില്ല.

| ഫണ്ട് | സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടത് |
|---|---|
| വികസനഫണ്ട്, എസ്.സി.പി | 123695 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 67000* |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ റോഡ് | 330392 |
| ആകെ | 521087 |

* സർക്കാർ ഉത്തരവ് പ്രകാരം മെയിന്റനൻസ് ഗ്രാന്റ്, റോഡ് ഇനത്തിൽ ബജറ്റ് അലോക്കേഷൻ യഥാർത്ഥത്തിൽ 7434000/- രൂപയാണ്. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ കൂട്ടായ പരിശ്രമത്തിലൂടെ വളരെ മികച്ച രീതിയിൽ പ്രൊജക്റ്റ് നിർവ്വഹണം നടത്തുവാൻ സാധിച്ചതുമൂലം സർക്കാർ ഫണ്ടുകളുടെ വിനിയോഗത്തിൽ കാര്യക്ഷമത കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2021-22 വർഷം 91 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർ ബജറ്റ് പ്രകാരം 954 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 145 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 134 പ്രവൃത്തികളും പൂർത്തീകരിച്ചു. 6885 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 652 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി, കല്ലുകയ്യാല, കുളം, തോട് തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ട്. 2021-22 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 223 | 565372 (പലിശ ഉൾപ്പെടെ) | 565595 | 541688 | 23907 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18898755 | 18898755 | 18898755 | 0 |
| ആകെ | 223 | 19464127 | 19464350 | 19440443 | 23907 |

## 1-7 ക്ഷേമപദ്ധതികൾ

2021-22 വർഷം വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം,

ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5280 | 03 |
| വാർദ്ധക്യകാലപെൻഷൻ | 21743500 | 1780 |
| കർഷകതൊഴിലാളി പെൻഷൻ | 3425100 | 212 |
| വിധവാപെൻഷൻ | 7705000 | 583 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 505600 | 34 |
| വികലാംഗപെൻഷൻ | 2448900 | 154 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 03 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.03.2023 തീയതിയിൽ 3.30 പി എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20218/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതി കുടിശിക ഈടാക്കാനുള്ള തീവ്രശ്രമങ്ങളുണ്ടായിട്ടുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കൃത്യമായി നിരീക്ഷിച്ച് വരുന്നു.

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ 3 മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഫെബ്രുവരി 2021 ന് ശേഷം അടുത്ത ഗ്രാമസഭായോഗം ചേരുന്നത് ജനുവരി 2022 നാണ്. ഇത് നിയമവിരുദ്ധമാണ്. കൂടാതെ കേരളപഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02/12/2021 | 04/2021-06/2021 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24/02/2015 – 09/03/2015 | 2009-10 മുതൽ 2013-14 വരെ | LBA(HQ) II/8A/2278/2015 തീയതി |

| | | | |
|---|---|---|---|
| | | | 19/05/2015 |

### 1-11 ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപത്തുള്ള ബി എസ് എൻ എൽ-ന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല . നികുതി നിർണ്ണയിക്കാത്തതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (7/13.03.23) ടവർ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് അപേക്ഷയും അനുബന്ധരേഖകളും ലഭ്യമാക്കുന്നതിന് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അപേക്ഷ ലഭ്യമാക്കാത്ത പക്ഷം അനധികൃതനിർമ്മാണമായി കണക്കാക്കി വസ്തുനികുതി നിർണ്ണയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19/10/2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം. 40395/RC2 /2014/LSGD വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ പ്രകാരം അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കേണ്ടതുമാണ്.

### 1-12 റിലയൻസ് മൊബൈൽ ടവറിന്റെ വസ്തുനികുതി -കുടിശ്ശിക

പഞ്ചായത്ത് പരിധിയിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് എന്ന കമ്പനിയുടെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന് (5/272 A) 15825 രൂപ നികുതി കുടിശിക ഉള്ളതായി കാണുന്നു (2019-20 മുതൽ 2021-22 വരെ). വസ്തുനികുതി കുടിശിക പിഴപലിശ സഹിതം ഈടാക്കാൻ സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ 9/10.03.23) റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിന് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-13 വസ്തുനികുതി- 36ലക്ഷത്തിലധികം രൂപ കുടിശ്ശിക

വസ്തുനികുതിയിനത്തിൽ 31.03.2022-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| കണക്ക് ശീർഷകം | വസ്തുനികുതി ഇനം | തുക (ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|---|
| 431100101 | റെസിഡെൻഷ്യൽ (കറണ്ട്) | 130003 |
| 431100102 | റെസിഡെൻഷ്യൽ (അരിയർ) | 977376 |
| 431100103 | നോൺ റെസിഡെൻഷ്യൽ (കറണ്ട്) | 295735 |
| 431100104 | നോൺ റെസിഡെൻഷ്യൽ (അരിയർ) | 2204691 |
| ആകെ | | 3607805 |

വസ്തുനികുതി കുടിശ്ശികയുടെ വിശദാംശങ്ങളും പൂർണ്ണമായും പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളും

ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (8/13.03.23) ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശികയിൽ 134838 രൂപ തുടർവർഷം ഈടാക്കിയിട്ടുണ്ടെന്നും 3472967 രൂപ ലേബർ ഇന്ത്യ പബ്ലിക്ക് സ്കൂൾ, സൂര്യഗായത്രി ഫ്യൂവൽസ് എന്നീ സ്ഥാപനങ്ങളുടെ കുടിശ്ശികയാണെന്നും ഇവരുടെ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസുകൾ നിലനിൽക്കുന്നുണ്ടെന്നും അറിയിച്ചു. കേസുകളുടെ അന്തിമവിധി പ്രകാരം തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-14 കുറഞ്ഞനിരക്കിൽ നികുതി നിർണ്ണയിച്ചു

ശ്രീ ജോണി എബ്രഹാം തറപ്പിൽ, കുന്നത്തേട്ട് എന്ന വ്യക്തിയുടെ പേരിലുള്ള കുറിച്ചിത്താനം വില്ലേജിൽ 173/1-2 റീസർവ്വേ നമ്പരിൽപ്പെട്ട സ്ഥലത്ത് പണി കഴിപ്പിച്ചിരുന്ന കൊമേഴ്സ്യൽ കം റസിഡൻഷ്യൽ കെട്ടിടത്തിന് 4/123 A, 4/123 D, E, F എന്നീ കെട്ടിട നമ്പർ നൽകി താഴത്തെ നില വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ഗണത്തിൽപെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ താഴത്തെ നിലയ്ക്ക് 139.64 ച.മീ. വിസ്തീർണ്ണമാണുള്ളത് (പൂർത്തീകരണ പ്ലാൻ പ്രകാരം). കെട്ടിടം വിഭജിച്ച നമ്പർ നൽകിയപ്പോൾ വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നു രേഖപ്പെടുത്തി ച.മീറ്ററിന് 60/- രൂപ നിരക്കിലാണ് നികുതി നിർണയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ വിജ്ഞാപനം പ്രകാരം 100 ച.മീറ്ററിൽ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് 60 രൂപയും 100 ച.മീറ്ററിന് മുകളിൽ 70 രൂപ നിരക്കിലും വസ്തുനികുതി ഈടാക്കാവുന്നതാണ്. ബാധകമായ നിരക്കിൽ നികുതി നിർണ്ണയിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേക്ഷണക്കുറിപ്പിന് (11/12.03.2023)നികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. നികുതി നിർണ്ണയത്തിലെ അപാകതൾ പരിഹരിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

1-15 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ലേബർ ഇൻഡ്യ പബ്ലിക് സ്കൂൾ & ജൂനിയർ കോളേജ് | 1,2 |
| 2 | സൂര്യഗായത്രി ഫ്യൂവൽസ് | 1,2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (01/09.03.2023) തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കേണ്ടതാണ്.

1-16 സ്ഥാപനം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ലൈസൻസ് എടുക്കേണ്ടതാണ്. എന്നാൽ ഹോട്ടൽ ശിവമയം, ആണ്ടൂർ എന്ന സ്ഥാപനം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്

(12/13.03.2023) മേൽ സ്ഥാപനത്തിന് ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയത്തിനായുള്ള സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി 843 കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 215 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. വാർഡ് തലത്തിൽ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ടെറസ് സംരക്ഷണം അധിക റൂഫിംഗ്-പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 74 ഉപചട്ടം 1 പ്രകാരം ഉയരം 10 മീറ്ററിൽ കൂടാത്തതും 3 നില വരെയുള്ളതുമായ താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് അധികമായി ഷീറ്റ്/ഓട് ഉപയോഗിച്ച് ടെറസിന് മുകളിൽ റൂഫിംഗ് നടത്തുന്നതിന് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും പെർമിറ്റ് എടുക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള അധിക നിർമ്മിതി ടെറസിന് സംരക്ഷണം നല്കുന്നതും എല്ലാ വശങ്ങളും തുറന്ന നിലയിലുള്ളതുമായിരിക്കണം. ഇവ ബിൽറ്റ് അപ് ഏരിയ ആയി പരിഗണിക്കുന്നില്ല എങ്കിലും ഉപചട്ടം 2 പ്രകാരം പെർമിറ്റ് ഫീസ് ഈടാക്കേണ്ടതുണ്ട്. 2021-22 വർഷം പെർമിറ്റ് നല്കിയിട്ടുള്ള കെട്ടിടങ്ങളുടെ പ്ലാൻ പ്രകാരം ടെറസിന് മുകളിൽ അധികമായി റൂഫിംഗ് നല്കിയിട്ടുണ്ട് എങ്കിൽ പോലും പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല .ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ.നം | ഫയൽ നം, പേര്,വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ.) |
|---|---|---|
| 1 | E File No. 05505190121001374894 കെ പി കൃഷ്ണൻകുട്ടി കോട്ടപ്പിള്ളിൽ | 276.54 |
| 2 | E File No. 05505190122001595960 എം അനിൽകുമാർ ഒഴുകയിൽ | 232.46 |
| 3 | E File No. 05505190122001607644 ജോബിൻ മാനുവൽ കട്ടക്കൽ | 266 |
| 4 | E File No. 05505190121001429682 വരുൺ ജോൺ ഓലിക്കൽ | 244.69 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/13.03.2023) സങ്കേതം സോഫ്റ്റ്‌വെയർ മുഖേന സമർപ്പിക്കുന്ന അപേക്ഷകളിൽ ബിൽറ്റ് അപ്പ് ഏരിയയുടെ അടിസ്ഥാനത്തിലാണ് ഫീസ് ജനറേറ്റ് ചെയ്തു വരുന്നതെന്നും ആയതിനാൽ ചട്ടം 74(1) പ്രകാരമുള്ള ഫീസ് ഈടാക്കാൻ കഴിയുന്നില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചട്ടപ്രകാരമുള്ള പെർമിറ്റ് ഫീസ് ഈടാക്കുന്നതിന് ഐ കെ എം-മായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച തുകകൾ വിനിയോഗിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

2021-22 വാർഷിക ധനകാര്യപത്രിക പ്രകാരം ബി-4 ഷെഡ്യൂളിൽ താഴെപ്പറയും പ്രകാരം തുകകൾ അവശേഷിക്കുന്നുണ്ട്.

| ക്രമ നം. | ഫണ്ടിന്റെ വിവരം | തുക |
|---|---|---|
| 1 | ആയുർവേദ വകുപ്പിൽ നിന്ന് 2017-18 വർഷം ലഭിച്ച തുക | 75000 |
| 2 | പൈക്ക കലോത്സവം നടത്തുന്നതിന് 2010-11 വർഷം ലഭ്യമായതിൽ ബാക്കിയുള്ള തുക | 3,284 |

നാളിതു വരെ ചെലവഴിക്കാത്ത തുകകൾ സർക്കാരിലേക്ക്/ബന്ധപ്പെട്ട ഏജൻസികളിലേക്ക് തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-19 സാക്ഷരത പ്രേരകുമാർക്ക് ഓണറേറിയം നൽകിയത് തിരികെ ലഭിച്ചില്ല

സാക്ഷരത പ്രേരകുമാർക്കുള്ള ഓണറേറിയത്തിനുള്ള സർക്കാർ വിഹിതം, സാക്ഷരതാ മിഷന്റെ തനത് വിഹിതം എന്നിവ ലഭിക്കാതെ വരുമ്പോൾ ഓണറേറിയത്തിന് കുടിശ്ശിക ഉണ്ടാകുന്നതിനാൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് നല്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.02.2021 ലെ സർക്കാർ ഉത്തരവ് (സാധാ) 626/2021/ ത.സ്വ.ഭ.വ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം സാക്ഷരത പ്രേരകുമാർക്ക് 2021 മാർച്ച് മാസം ഓണറേറിയം നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ വിശദാംശങ്ങൾ | സാക്ഷരത പ്രേരക് | തുക |
|---|---|---|
| വൗച്ചർ നം : 22100095 തീയതി 03.0-5.21, തുക-19695. ചെക്ക് നം 289897 തീയതി 03.05.2021 | മാത്യു കെ.ഡി | 7400 |
| | ഓമന സുധൻ | 7920 |
| | എൽസി ജോർജ്ജ് | 4375 |
| ആകെ | | 19695 |

വൗച്ചറുകൾ പരിശോധിച്ചതിൽ പ്രേരക്മാർക്ക് ഓണറേറിയം നൽകാൻ ചെലവഴിച്ച തുക തിരികെ ലഭിച്ചതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/13.03.2023) മേൽ തുക ലഭ്യമാക്കുന്നതിന് സാക്ഷരതാ മിഷന് കത്ത് നൽകിയിട്ടുണ്ടെന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് വരവ് രേഖപ്പെടുത്തി അക്കൗണ്ട് ക്രമപ്പെടുത്തുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുക ലഭ്യമാകുമ്പോൾ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-20 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലേക്ക് ഡെപ്പോസിറ്റ്- ബാലൻസ് തുക തിരികെ ഈടാക്കേണ്ടതാണ്.

മരങ്ങാട്ടുപിള്ളി ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 10.11.2021 തീയതിയിലെ 1(1) നമ്പർ കമ്മറ്റി തീരുമാന പ്രകാരം കുര്യനാട് നിർമ്മാണം പൂർത്തീകരിച്ച ടേക്ക് എ ബ്രേക്ക് ശുചിത്വ സമുച്ചയം പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ ബോർവെൽ നിർമ്മിക്കുന്നതിന് തനത് ഫണ്ടിൽ നിന്നും കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലേക്ക് 65140 രൂപ നൽകിയിട്ടുണ്ട്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ 06.07.2022

ലെ ജി.ഡബ്ല്യു.കെ/1484/21 നം വിനിയോഗ സാക്ഷ്യപത്രം പ്രകാരം പ്രസ്തുത തുകയിൽ 56520 രൂപ വിനിയോഗിച്ചതായും 8620 രൂപ ബാലൻസ് ഉള്ളതായും അറിയിച്ചിട്ടുണ്ട്. ബാലൻസ് തുക തിരികെ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/13.03.2023) തുക മടക്കി നൽകുന്നതിനായി ജില്ലാ ഓഫീസർക്ക് കത്തയച്ചിരുന്നു എന്ന് മറുപടി നൽകിയിട്ടുണ്ട്. 8620 രൂപ തിരികെ ലഭ്യമാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-21 കെയുആർഡിഎഫ് സി ലോൺ - അധികം തുക സ്രോതസിൽ നിന്നും കിഴിവ് ചെയ്തു.

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന് ലൈഫ് ഭവനപദ്ധതിയ്ക്കായി കെയുആർഡിഎഫ്സിയിൽ നിന്നും 2019 ൽ 8,95,020/-രൂപ വായ്പയിനത്തിൽ ലഭിച്ചിരുന്നു. ലൈഫ് മിഷൻ പദ്ധതിയ്ക്കായി കെയുആർഡിഎഫ്സി ലോൺ തുക തൻവർഷം തിരിച്ചടയ്ക്കാൻ അവശേഷിച്ചിരുന്നത് 5,43,020/- രൂപ മാത്രമാണ്. തൻവർഷം വിവിധ സർക്കാർ ഉത്തരവിലൂടെ 7,48,000/- രൂപ സ്രോതസ്സിൽ കുറവ് ചെയ്തിരുന്നു. അധികമായി 2,04,980/-രൂപ കുറവ് ചെയ്തത് തിരികെ ലഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/09.03.23) മറുപടിയായി കൂടുതലായി കുറവ് ചെയ്ത തുക പഞ്ചായത്തിന് തിരികെ ലഭ്യമാക്കുന്നതിനും തുടർന്നുള്ള അലോട്ട്മെന്റിൽ കുറവ് വരുത്താതിരിക്കണമെന്നും ആവശ്യപ്പെട്ട് ധനകാര്യവകുപ്പ് ജോയിന്റ് സെക്രട്ടറിയ്ക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. അധികമായി കുറവ് ചെയ്ത തുക ലഭ്യമാക്കുവാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## 1-22 ബാരൽവില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. 2021-22 വാർഷിക കണക്കുപ്രകാരം 66996 രൂപ ഇത്തരത്തിൽ തനതുഫണ്ടിൽ അവശേഷിക്കുന്നുണ്ട്. ടാർവീപ്പകളുടെ വിലയോടൊപ്പം ഈടാക്കിയിട്ടുള്ള 18% ജി.എസ്.റ്റി ഉൾപ്പെടെയുള്ള തുകയാണ് ഇപ്രകാരം 150120102 Sale Of Empties And Waste Materials എന്ന ശീർഷകത്തിൽ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത്. പ്രസ്തുത തുക അതാത് ഫണ്ടിൽ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-23 ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമകേന്ദ്രം- പണി പൂർത്തീകരിച്ചെങ്കിലും ഉപയോഗപ്രദമാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

| പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|
| 115/22ടേക്ക് എ ബ്രേക്ക് -പൊതു ശൗചാലയ നിർമ്മാണം | 1468137 | 1468058 |
| 97/22 ടേക്ക് എ ബ്രേക്ക് പൂർത്തീകരണം | 450000 | 433122 |

സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാരിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശിച്ചിരുന്നു. റോഡ് മാർഗ്ഗം യാത്ര

ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതു ശുചിമുറികൾ സ്ഥാപിക്കുക (വഴിയിട വിശ്രമകേന്ദ്രം) എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എം സി റോഡ് ചെയിനേജ് 178/200 കിലോമീറ്ററിൽ റോഡ് ബസ് ബേയിൽ നിന്ന് 9 മീറ്റർ മാറിയുള്ള പൊതുമരാമത്ത് വകുപ്പ് പുറമ്പോക്ക് ഭൂമിയിൽ വിശ്രമകേന്ദ്രവും കഫേത്തേരിയും നിർമ്മിക്കുന്നതിന് പിഡബ്ല്യുഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരത്ത് വിഭാഗം അനുമതി നൽകിയിട്ടുണ്ട് (കത്ത് നമ്പർ 17/2/21ലെ എബി 6/2777/2020) 2020-21 വർഷം തയ്യാറാക്കിയ പ്രോജക്ട് പ്രകാരം (115/22) 1468058/- രൂപ ചെലവഴിച്ച് ടോയ്‌ലെറ്റ് സമുച്ചയങ്ങൾ, കഫത്തേരിയ എന്നിവ നിർമ്മിക്കുകയും 433122 രൂപ ചെലവഴിച്ച് ഫിനിഷിങ്ങ് വർക്കുകളും നടത്തിയിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കിയെങ്കിലും നാളിതുവരെ പൊതുജനാവശ്യത്തിനായി തുറന്ന് നൽകിയിട്ടില്ലയെന്ന് 13/03/23 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടു. സർക്കാരിന്റെ "വഴിയിടം വിശ്രമ കേന്ദ്രം" എന്ന ആശയം പ്രാവർത്തികമാക്കാൻ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്. ടി വിഷയം എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചപ്പോൾ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് സമുച്ചയം പൊതുജനങ്ങൾക്ക് പ്രയോജന പ്രദമാക്കേണ്ടതാണ്.

## 1-24 ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ 2020-21 വർഷം ലൈഫ് ഭവന പദ്ധതിയിൽ ധനസഹായം കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായി കണ്ടു.

| ഗുണഭോക് താവ് | കൈപ്പറ്റിയ തുക | തീയതി | ഫണ്ടിനം |
|---|---|---|---|
| ചന്ദ്രൻ & സരസു, കല്ലുംകൂട്ടത്തിൽ, മരങ്ങാട്ടുപള്ളി | 40000 | 14.01.2021 | വികസന ഫണ്ട് |
| | 34442 | 06.03.2021 | വികസന ഫണ്ട് |
| | 90000 | 10.03.2021 | ജില്ലാ പഞ്ചായത്ത് വിഹിതം |
| | 382 | 22.03.2021 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | 35176 | 28.03.2021 | വികസന ഫണ്ട് |
| | 100000 | 28.03.2021 | വികസന ഫണ്ട് |
| ആകെ | 300000 | | |

മേൽ ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 4/9.3.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവന പദ്ധതി- മറ്റ് ഗ്രാമ പഞ്ചായത്തുകളിൽ സ്ഥലം വാങ്ങിയ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

മരങ്ങാട്ടുപള്ളി ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങുന്നതിന് ആനുകൂല്യം അനുവദിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ മറ്റ് ഗ്രാമ പഞ്ചായത്തുകളിലാണ് സ്ഥലം വാങ്ങിയത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ഗുണഭോക്താവ് | സ്ഥലം നൽകിയ ആൾ | വാങ്ങിയ സ്ഥലത്തിന്റെ വിശദാംശങ്ങൾ | ധനസഹായം |
|---|---|---|---|---|
| 12/22 ലൈഫ് ഭവന പദ്ധതി ( SCP ) | ശ്രീ ബീറ്റ നരേന്ദ്രൻ, ചുടലപ്പാറയിൽ, പാലക്കാട്ടുമല | ശ്രീ ആന്റണി, യു. ഡി, ഉറുകുഴിയിൽ, ഇടനാട് | കരൂർ ഗ്രാമ പഞ്ചായത്ത്, വള്ളിച്ചിറ വില്ലേജ്, സർവ്വേ നം. 351/2-6 1.83 ആർ | 225000. (ബിൽ നം. 17/21-22/ 31.12/2021) |
| ,, | മഞ്ജു. ഇ. എം, കുറുമനാൽ, മണ്ണയ്ക്കനാട് | ശ്രീ സിബി ജോസഫ്, നമ്പിമഠത്തിൽ, വെമ്പള്ളി | കടപ്ലാമറ്റം ഗ്രാമ പഞ്ചായത്ത്, കടപ്ലാമറ്റം വില്ലേജ്, സർവ്വേ നം. 133/5-2, 2.02 ആർ | 225000. (ബിൽ നം. 14/21-22/ 21.12/2021) |
| 11/22 ലൈഫ് ഭവന പദ്ധതി ജനറൽ | ത്രേസ്യാമ്മ ജോസഫ്, പൊന്നാംകുന്നേൽ, മണ്ണയ്ക്കനാട് | ശ്രീമതി സെലിൻ സാമുവൽ, മൊടകര, കോരുത്തോട് | കോരുത്തോട് ഗ്രാമ പഞ്ചായത്ത്, കോരുത്തോട് വില്ലേജ്, സർവ്വേ നം. 53/1, 2.03 ആർ | 200000. (ബിൽ നം. 10/21-22/ 06.12/2021) |

മേൽ ഗുണഭോക്താക്കൾ വാങ്ങിയ സ്ഥലത്ത് ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 3/9.3.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ഭവനനിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ഉചിതമാർഗ്ഗേന കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. ടിയാൻമാരുടെ ഭവനനിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ 650000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-26 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - അപാകതകൾ

പ്രോജക്ട് നം. 18/22

അടങ്കൽ- 2800000 രൂപ ( വികസന ഫണ്ട്-700000 + സംസ്ഥാനാവിഷ്കൃത ഫണ്ട്- 700000+ ഗുണഭോക്തൃ വിഹിതം- 1400000 )

ചെലവ്- 700000 രൂപ ( ബിൽ നം. 2/21-22/ 29.12.21)

നിർവ്വഹണോദ്യോഗസ്ഥൻ- സീനിയർ വെറ്ററിനറി സർജൻ, മരങ്ങാട്ടുപള്ളി

മരങ്ങാട്ടുപള്ളി ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. പദ്ധതി നടത്തിപ്പിനായി 112 കിടാരികൾക്കുള്ള പഞ്ചായത്ത് വിഹിതം 700000 രൂപ വികസന

ഫണ്ടിൽ നിന്നും പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ കോട്ടയം ജില്ലാ ട്രഷറിയിലുള്ള അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം. 70801140000050). പ്രോജക്റ്റ് നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകത ശ്രദ്ധയിൽപ്പെട്ടു.

ശ്രീ ഷാജി സെബാസ്റ്റ്യൻ എന്ന ഗുണഭോക്താവ് 2/22 മുതൽ 7/22 വരെയും ശ്രീമതി ദീപ എസ്. എന്ന ഗുണഭോക്താവ് 2/22 മുതൽ 11/22 വരെയുമാണ് കാലിത്തീറ്റ കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കാലിത്തീറ്റ വിതരണ രജിസ്റ്റർ പ്രകാരം ബാക്കി 110 ഗുണഭോക്താക്കളും 2/2023 വരെ കാലിത്തീറ്റ കൈപ്പറ്റിയിട്ടുണ്ട്. മേൽ രണ്ട് ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും പിൻമാറിയതിന്റെ കാരണം രജിസ്റ്ററിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.

അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 25/13.3.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ മേൽ ഗുണഭോക്താക്കൾക്ക് സാമ്പത്തിക പ്രതിസന്ധി നേരിട്ടപ്പോൾ കന്നുകുട്ടികളെ വിറ്റുപോയി എന്ന് അറിയിച്ചു. ടി ഗുണഭോക്താക്കൾക്കായി കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയ 12500 രൂപയിൽ വിനിയോഗിക്കാതെ ശേഷിക്കുന്ന തുക തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് 700000 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 പാലിയേറ്റീവ് കെയർ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/പേര് | 75/21-22, പാലിയേറ്റീവ് കെയർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| അടങ്കൽ | 6,00,000/- (വികസന ഫണ്ട് (ജനറൽ)) |
| ചെലവ് | 5,38,735/- (വികസന ഫണ്ട് (ജനറൽ)) |
| ബിൽ നം., തീയതി | 19/21-22, 16.02.2022 - 104917/- |

പാലിയേറ്റീവ് കെയർ പദ്ധതിക്ക് ആകെ 5,38,735/- രൂപ ചെലവായതിൽ, ബിൽ നം. 19/21-22, 16.02.2022 പ്രകാരം ചെലവഴിച്ച 104917/- രൂപയിൽ 99999/- രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പഞ്ചാബ് നാഷണൽ ബാങ്കിന്റെ 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ രേഖകൾ പ്രകാരം 60406/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 39593/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ആയതിന്റെ ലഭ്യതാവിവരം സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/13.03.2023) മറുപടി ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്നതുവരെ 39593/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ആസ്തി പരിപാലനം

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ(ആർ.ടി)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും (AMS), അസറ്റ് മാനേജ്മെന്റ് പ്ലാനും(AMP) തയ്യാറാക്കേണ്ടതുമാണ്. കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള കമ്മറ്റി രൂപീകരിച്ചിട്ടില്ല. പഞ്ചായത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ

പരിശോധിച്ചതിൽ, നിർമ്മാണചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.

കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തിയിട്ടുള്ള പല ആസ്തികളെ സംബന്ധിച്ചും അവയുടെ നിർമ്മാണം നടത്തിയ വർഷം രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

സർക്കാർ ഉത്തരവ്(കൈ) നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഒരു റോഡ് നിർമ്മാണപ്രവൃത്തിയിലെ പ്രോജക്ട് ഫയലിലും ഇത്തരത്തിൽ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി 2022-23 വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്ന്, വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (6/12.03.2023) മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചു. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2021-22 | 07.03.2023 | 10.03.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2021-22ൽ സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ഉഴവൂർ | 09.03.2022 | 75000 | 148/21-22 സുഭിക്ഷ കേരളം - വനിത | 75000 | 0 |
| | 19.01.2022 | 200000 | 73/21-22 നെൽ കൃഷി വികസനം | 200000 | 0 |
| | 27.12.2021 | 210000 | 67/21-22 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 210000 | 0 |
| | 06.01.2022 | 230000 | 34/21-22 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് ബത്ത | 230000 | 0 |
| | 25.03.2022 | 200000 | 12/21-22 ലൈഫ് ഭവന പദ്ധതി (എസ് സി പി) | 200000 | 0 |
| ആകെ | | 915000 | | 915000 | |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 14.02.2022 | 1000000 | 67/21-22 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 1000000 | 0 |
| | 24.01.2022 | 400000 | 34/21-22 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് ബത്ത | 400000 | 0 |
| | 26.10.2021 | 300000 | 25/21-22 അനുപൂരക പോഷകാഹാര പരിപാടി | 300000 | 0 |
| | 22.03.2022 | 100000 | 11/21-22 ലൈഫ് ഭവന പദ്ധതി (ജനറൽ) | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | 14.02.2022 | 1741738 | 12/21-22 ലൈഫ് ഭവന പദ്ധതി (എസ് സി പി) | 1741738 | 0 |
| ആകെ | | 3541738 | | 3541738 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | പ്രോജക്ട് നം. 187/21-22 ടേക്ക് എ ബ്രേക്ക് പൊതുശൗചാലയത്തിന് കുഴൽക്കിണർ | 65140 | 56520 | 8620* |

. മേൽ പദ്ധതിയുടെ ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 2021-22 വർഷം കൺവീനർ പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2021-22 വർഷം പഞ്ചായത്തിന് KURDFC വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു. പഞ്ചായത്ത് ഭവന പദ്ധതി വായ്പ മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നാണ് എടുത്തിട്ടുള്ളത്. പ്രസ്തുത വായ്പയുടെ മുതൽ, പലിശ തിരിച്ചടവും ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പഞ്ചായത്ത് ഭവന പദ്ധതി | - | 3398000/- | ഇല്ല | 2298799/- | 367563/- | 1099201/ |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ (KURDFC) | ജിഒ (എം.എസ്) 68/2018 /തസ്വഭവ/ 18.05.2018 | 543020/- | ഇല്ല | 748000/- | - | -204980/- |

സെക്രട്ടറിയുടെ 177/21-22, 206/21-22, 174/21-22, 176/21-22, 173/21-22, 205/21-22 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ് സി പി) എന്നിവയിൽ നിന്നും ആകെ 748000/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ ക്രമീകരിച്ചാണ് KURDFC വായ്പ തിരിച്ചടവ് നടത്തിയത്. എന്നാൽ തിരിച്ചടയ്ക്കാനുള്ള തുകയേക്കാൾ കൂടുതൽ തുക ജി ഒ പ്രോജക്റ്റ് മുഖേന ക്രമീകരിച്ചതിനാൽ ലോൺ തുകയേക്കാൾ കൂടുതൽ തുക തിരിച്ചടവ് വന്നിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

നിക്ഷേപ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൻ പ്രകാരമുള്ള 2021-22 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25,000/- |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 25,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2022-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25,000/- |

| | |
|---|---|
| നിക്ഷേപിച്ച ബാങ്ക് | മരങ്ങാട്ടുപിള്ളി സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.3556 |
| ബാങ്ക് ശാഖ | മരങ്ങാട്ടുപിള്ളി |
| എഫ്. ഡി. അക്കൌണ്ട് നം.1 | 50596/11.02.2010 – 10,000/- |
| എഫ്. ഡി. അക്കൗണ്ട് നം.2 | 44037/02.01.2008 – 15,000/- |
| ആകെ | 25,000/- രൂപ |

## 4-7 ഓഡിറ്റ് റിക്കവറി

2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 1998 | II 9(1) | നോമിനേഷൻ മസ്റ്റർ റോൾ സൂക്ഷിക്കാതെ കൂലി നൽകിയ പ്രവണത ഉപാധിരഹിത | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

| | | | | | |
|---|---|---|---|---|---|
| | | | | ഫണ്ട് ഇനത്തിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി 1.10.96 മുതൽ 31.3.97 വരെ പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച തുക -1,90,077/- രൂപ | |
| 2008-09 | 3-3 | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തികൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല കെ.എസ്.ഇ.ബി. 97360/- | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| | | 2013-14 | 5-1 | ജലസ്രോതസ്സ് സംരക്ഷണവും കുടിവെള്ള പദ്ധതികളും (പ്രവർത്തന ക്ഷമതാ റിപ്പോർട്ട്) | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-5 | 2016-17 | 1, അനുബന്ധം 3 | വസ്തു നികുതി പരിഷ്ക്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

### 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

### 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 80286697.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 64339417.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6,89,593/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 6,50,000 | ബിനീഷ് ബി., വി.ഇ,ഒ., കുറിച്ചിത്താനം |
| 1-27 | 39,593 | ഡോ.സാം സാവിയോ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 6,89,593 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2022)/1737(4)/2022/02.08.2022 | 1 |
| 2005-06 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2022)/1737(6)/2022/02.08.2022 | 2 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2022)/1737(9)/2022/02.08.2022 | 1 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2022)/1737(10)/2022/02.08.2022 | 1 |
| 2010-11 & 2011-12 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ- | 4 |

| | | |
|---|---|---|
| | 2022)/1737(11)/2022/02.08.2022 | |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2022)/1228/2022/02.08.2022 | 1 |
| 2014-15 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2022)/1227/2022/02.08.2022 | 4 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2022)/1226/2022/27.10.2022 | 3 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2022)/1225/2022/02.08.2022 | 5 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി4/1915/2019/ 15.02.2020 | 18 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി4/457/2020/ 04.05.2020 | 27 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി4/275/2022/തീയതി 10.06.2022 | 13 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി4/1439/2022/തീയതി 23.072022 | 39 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

കോട്ടയം -ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്